"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ്-21-10-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്- ബ്ലോക്ക് പരിധിയിലെ വിവിധ ഡിവിഷനുകളിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ, പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.**

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2371/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/12/2020**

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2020-ലെ കത്ത്

2 21.10.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.1-ാം നമ്പർ തീരുമാനം

**ഉത്തരവ്**

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോ.നം. 135/21-ബ്ലോക്ക് പരിധിയിലെ വിവിധ ഡിവിഷനുകളിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ, പ്രോ.നം. 56/21-പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾക്ക് അനുമതി നൽകുന്ന വിഷയം അതത് ഗ്രാമ പഞ്ചായത്തുകളുമായി ചർച്ച ചെയ്ത റിപ്പോർട്ട് സഹിതം വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി മുൻപാകെ പരാമർശം ( 1 ) പ്രകാരം സമർപ്പിക്കുകയുണ്ടായി. 21.10.2020-ലെ കോഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിഗണിക്കുകയും മിനിമാസ്റ്റിനുണ്ടാകുന്ന അറ്റകുറ്റപ്പണിയും വൈദ്യുതി ചാർജ്ജും ഭാവിയിൽ നൽകാമെന്ന് എഗ്രിമെന്റ് വയ്ക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ മാത്രം മിനി മാസ്റ്റ് സ്ഥാപിക്കാൻ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോ.നം. 135/21-ബ്ലോക്ക് പരിധിയിലെ വിവിധ ഡിവിഷനുകളിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ,(അടങ്കൽ തുക:26,46,000/- രൂപ), പ്രോ.നം. 56/21-പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (അടങ്കൽ തുക: 45,50,000/- രൂപ) എന്നീ പദ്ധതികൾ മിനിമാസ്റ്റിനുണ്ടാകുന്ന അറ്റകുറ്റപ്പണിയും വൈദ്യുതി ചാർജ്ജും ഭാവിയിൽ നൽകാമെന്ന് എഗ്രിമെന്റ് വയ്ക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ മാത്രം നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എന്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.12.22 10:55:49 IST
Reason: Approved
സെക്ഷൻ ഓഫീസർ